## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 580 27/10/2011-ൽ മറുപടിക്ക്.

## ക്ഷേമനിധികളുടെ പ്രവർത്തനം ഏകീകരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷേമനിധികളെക്കുറിച്ച് പഠിക്കുന്നതിനും മാർഗ്ഗരേഖ നൽകുന്നതിനുമായി ഏതെങ്കിലും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം പരിശോധിച്ച് അവ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് സാമ്പത്തികമായി പ്രയാസം നേരിടുന്ന ബോർഡുകൾ സ്വയം പര്യപ്തമാക്കുകയും അംഗസംഖ്യ പരിമിതമായതും സാമ്പത്തിക വിഷമതകൾ അനുഭവിക്കുന്നതുമായ ബോർഡുകൾ ഏകീകരിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് മാർഗ്ഗരേഖ സമർപ്പിക്കുന്നതിനായി മുൻ ലേബർ കമ്മീഷണറായ ശ്രീ. എസ്. ശ്രീനിവാസൻ ചെയർമാനായ ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ഉണ്ടായി. |
| (ബി) പ്രസ്തുത കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ; | (ബി) ശ്രീനിവാസൻ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാനപ്പെട്ട കമ്മിറ്റി ശുപാർശകൾ താഴെപ്പറയുന്നവയാണ്:<br><br>സാമ്പത്തികമായി സ്വയം പര്യാപ്തമല്ലാത്തതും അംഗസംഖ്യ കുറവുള്ളതും സമാനതകൾ ഉള്ളതുമായ ബോർഡുകൾ ഏകീകരിച്ച് ഒരു മദർ ബോർഡിന് കീഴിലാക്കി പ്രവർത്തനം കാര്യക്ഷമമാക്കുക. |

ഭരണച്ചെലവ് കുറയ്ക്കുന്നതിനായി ബോർഡുകളിലെ ഡയറക്ടർമാരുടെ എണ്ണം ക്രമീകരിക്കുക.

ക്ഷേമനിധി ബോർഡുകളുടെ പ്രധാന വരുമാന ശ്രോതസ്സായ അംശദായ നിരക്കിൽ സമാനതകൾ ഇല്ലാത്ത സാഹചര്യത്തിൽ സാമ്പത്തിക പര്യാപ്തതയ്ക്ക് വേണ്ടി അംശദായം പ്രതിമാസം ചുരുങ്ങിയത് 10 രൂപ എങ്കിലും ആക്കി പുനർനിർണ്ണയം ചെയ്യുക, സെസ്സ് പിരിവ് ഊർജ്ജിതപ്പെടുത്തുക.

ക്ഷേമനിധി ബോർഡുകൾ സ്വരൂപിക്കുന്ന റിസർവ്വ് ഫണ്ടിന്റെ നല്ലൊരു ഭാഗം ദേശീയ സമ്പാദ്യപദ്ധതിയിൽ നിക്ഷേപിക്കുക.

ക്ഷേമനിധി ബോർഡുകളെ ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിന്നും ഒഴിവാക്കുക.

തൊഴിലുടമാ വിഹിതം ദീർഘകാലം കുടിശ്ശിക ഒഴിവാക്കുന്നതിനായി ഡി & ഒ ലൈസൻസ് പുതുക്കുന്ന അവസരത്തിൽ ക്ഷേമനിധി ബോർഡ് അധികൃതർ സാക്ഷ്യപ്പെടുത്തുന്ന രേഖ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിർബന്ധമായി ഹാജരാക്കേണ്ടതുണ്ട് എന്ന് വ്യവസ്ഥ ചെയ്യുക.

ക്ഷേമനിധി ബോർഡ് നൽകി വരുന്ന പെൻഷനും മറ്റ് ആനുകൂല്യങ്ങളും കാലോചിതമായി പരിഷ്ക്കരിക്കുക.

| | |
|---|---|
| (സി) സംസ്ഥാനത്തെ ക്ഷേമനിധികളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനും അതു വഴി മെച്ചപ്പെട്ട ആനുകൂല്യം അംഗ ങ്ങൾക്ക് നൽകുന്നതിനും എന്തെല്ലാം നട പടികളാണ് സ്വീകരിക്കുന്നതെന്ന് വിശദ മാക്കുമോ ? | (സി) സംസ്ഥാനത്തെ ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുള്ള എല്ലാപേർക്കും ബയോ മെട്രിക്ക് കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അംഗങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ഡിജിറ്റലൈസ് ചെയ്ത് വരികയാണ്. ക്ഷേമനിധി ബോർഡു കളിലെ ദ്വയാംഗത്വം കണ്ടെത്തുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കെൽട്രോൺ സഹായത്തോടെ ഒരു സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്ത് വരികയാണ്. ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് ക്രെഡിറ്റ് സ്ലിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാ നത്തെ ക്ഷേമനിധി ബോർഡുകളിലെ കമ്പ്യൂട്ടർവത്ക്കരണം പൂർണ്ണമാകുന്ന തോടുകൂടി പെൻഷൻ വിതരണവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് വഴി ആക്കുവാനും തൊഴിലുടമകൾക്ക് അംശദായവും മറ്റും ഇ-ഫയലിംഗ് വഴി നടത്തുവാൻ കഴിയുന്നതും ഇടപാടുകളിൽ കൂടുതൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കാൻ കഴിയുന്ന തുമാണ്. |

സെക്ഷൻ ഓഫീസർ